# കണ്ണ് കാട്ടിലേക്കു തന്നെ

(മുൻലക്കം തുടർച്ച)

**രൺജിത്ത്. കെ. ആർ**

ടൂറിസം സെമിനാറുകളിലും സിമ്പോസിയങ്ങളിലും ഇപ്പോൾ ഇക്കോട്ടൂറിസം മുദ്രാവാക്യങ്ങൾ മാത്രം. മാസ് ടൂറിസത്തിന്റെ പാരിസ്ഥിതിക-സാംസ്കാരിക ആഘാതങ്ങൾക്കുനേരെ വിരൽ ചൂണ്ടിക്കൊണ്ട് ടൂറിസവികസനത്തിനായുള്ള ഭ്രാന്തമായ പോക്കിനെ എതിർക്കുന്നവരെ ഒരു പരിധിവരെ നിശബ്ദരാക്കാൻ ഈ മുദ്രാവാക്യങ്ങൾക്ക് കഴിയുന്നുണ്ട്. പരിസ്ഥിതിസൗഹൃദ ചിന്തകളേയും പാരിസ്ഥിതിക ആശങ്കകളേയും കച്ചവടത്തിനുള്ള വളമായി വ്യാപകമായി ഉപയോഗിക്കുമ്പോൾ ടൂറിസം വ്യവസായം മാത്രമെന്തിന് മാറി നിൽക്കണം?

'ഇക്കോ'എന്ന പുതിയ നാമവിശേഷണത്തോടെയായിരിക്കും ഇനി ടൂറിസ്റ്റുകൾ ഇവിടെയെത്തുക. മുൻ സർക്കാരിന്റെ കാലത്താണ് ഇക്കോട്ടൂറിസം പദ്ധതികൾക്കുവേണ്ടിയുള്ള നീക്കങ്ങൾ തുടങ്ങുന്നത്. കൾച്ചറൽ ടൂറിസവും ബീച്ച് ടൂറിസവും ഹെൽത്ത് ടൂറിസവും ഒളിഞ്ഞും തെളിഞ്ഞുമുള്ള സെക്സ് ടൂറിസവും ഉണ്ടായിട്ടും കേരളത്തിലേക്കുള്ള ടൂറിസ്റ്റുകളുടെ എണ്ണവും വിദേശനാണയ പ്രവാഹവും കുറഞ്ഞത് ടൂറിസം വ്യവസായത്തെ ആശങ്കപ്പെടുത്തിയപ്പോഴാണ് 'ഇക്കോ ടൂറിസം' ഉയർന്നുവന്നത്. അവശേഷിക്കുന്ന വനസമ്പത്തിലേക്കു തന്നെയാണ് ടൂറിസം വ്യവസായത്തിന്റെ കണ്ണ്. (തുടരും)

**ടൂറിസം നയരേഖ തുറക്കുന്ന വഴികൾ**

അടുത്ത 25 വർഷത്തേക്കുള്ള ടൂറിസം നയത്തെക്കുറിച്ച് ഈയിടെ തയ്യാറാക്കിയ കരടുരൂപരേഖ(ടൂറിസം വിഷൻ-2025) ഇക്കോടൂറിസത്തിന് വമ്പിച്ച പ്രാധാന്യം നൽകുന്നുണ്ട്. ടൂറിസം വികസനത്തിനായി നയങ്ങൾക്കും നിയമങ്ങൾക്കും ഭേദഗതി ആവശ്യമാണെന്നു പറയുന്ന രൂപരേഖ ഇതു കൂടി വിഭാവനം ചെയ്യുന്നു: അടുത്ത 25 വർഷത്തിനകം ടൂറിസം മേഖലയുടെ നടത്തിപ്പ് പൂർണ്ണമായും സ്വകാര്യമേഖലക്ക് കൈമാറും. ടൂറിസം നടത്തിപ്പ് കൈമാറുകയെന്നാൽ കേരളത്തിലെ വനങ്ങളുടേയും മറ്റു പ്രകൃതി വിഭവങ്ങളുടേയും നിയന്ത്രണം സ്വകാര്യമേഖലക്ക് ഏല്പിച്ചുകൊടുക്കുക എന്നതു തന്നെയാണ്. പൊതുമേഖലയിൽ തുടങ്ങുകയും ക്രമേണ സ്വകാര്യമേഖലയ്ക്കു കൈമാറുകയും ചെയ്യുന്ന ഡിസ് ഇൻവെസ്റ്റ്മെന്റ് തന്ത്രങ്ങൾ വാർത്തയല്ലാതായി തീർന്നതോടെ വനമേഖലയിലെ ടൂറിസം അപാരമായ സാധ്യതകളാണ് സ്വകാര്യമേഖലക്കു മുന്നിൽ തുറന്നിട്ടന്നത്. അതുകൊണ്ടുതന്നെ സംരക്ഷിത വനമേഖലകളിൽ ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സം നിൽക്കുന്ന നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിനാണ് ടൂറിസം കൺസർവേഷൻ എന്റ് പ്രിസർവേഷൻ ബില്ലിലൂടെ തുടക്കമിടുന്നത്. എല്ലാ വന്യജീവി സംരക്ഷണകേന്ദ്രങ്ങളിലും ഇക്കോട്ടൂറിസം പദ്ധതികൾ തുടങ്ങും എന്ന വാർത്തയും ഇവയിൽ വൻതോതിൽ സ്വകാര്യനിക്ഷേപം പ്രതീക്ഷിക്കുന്നു എന്ന പ്രഖ്യാപനവും അത്രയൊന്നും രഹസ്യമല്ലാത്ത അജണ്ടയുടെ ഭാഗമാണ്.



ടൂറിസ്റ്റുകൾക്കു വേണ്ടി വനങ്ങളെ ഒരുക്കുകയാണ് അടുത്ത പടി. ഇക്കോട്ടൂറിസത്തിനുവേണ്ടിയുള്ള പരിമിതമായ നിർമ്മാണപ്രവർത്തനങ്ങൾ എന്നൊക്കെയായിരിക്കും ഭംഗിവാക്കുകൾ. ഒഴിവാക്കാനാകാത്ത നിർമ്മാണപ്രവർത്തനങ്ങളും ടൂറിസ്റ്റുകളുടെ സാന്നിദ്ധ്യവും കന്യാവനങ്ങളുടെ ലോലപരിസ്ഥിതിയെ അസ്വസ്ഥമാക്കുകതന്നെ ചെയ്യും.

ഇക്കോട്ടൂറിസം മുഖേനയുള്ള വരുമാനം പരിസ്ഥിതി സംരക്ഷണത്തിന് ഉപയോഗിക്കും എന്നതാണ് മറ്റൊരു അവകാശവാദം. മാസ് ടൂറിസത്തിൽ നിന്ന് വ്യത്യസ്ഥമായി ഇക്കോട്ടൂറിസം അതിന്റെ തത്വങ്ങൾക്കനുസരിച്ച് കൂടുതൽ നടത്തിപ്പ് ചെലവ് ആവശ്യപ്പെടുന്ന ഒന്നാണ്. ഈ ചെലവു കഴിച്ച് ബാക്കി വരുന്ന ലാഭത്തിൽ നിന്നുവേണം പരിരക്ഷണപ്രവർത്തനങ്ങൾക്കുള്ള തുക നീക്കിവയ്ക്കേണ്ടത്. കോസ്റ്റാറിക്ക, നേപ്പാൾ എന്നിവിടങ്ങളിൽ വനസംരക്ഷണത്തിനായി മാറ്റിവയ്ക്കുന്ന തുകയിൽ ഇക്കോടൂറിസം മൂലം വർദ്ധനവ് വരുത്തിയിട്ടില്ലെന്ന് സൂചിപ്പിക്കപ്പെടുന്നു. ടൂറിസം വരുമാനം ജനങ്ങളിലേക്കെത്തുന്നില്ലെന്നു മാത്രമല്ല, ഭൂരിഭാഗവും സ്വകാര്യ ഹോട്ടൽ ഭീമന്മാരും വിദേശ ടൂർ ഓപ്പറേറ്റർമാരും വിഴുങ്ങുകയും ചെയ്യുന്നു.

ഇക്കോട്ടൂറിസത്തിന്റെ ലക്ഷ്യങ്ങൾ വിവരിക്കുന്ന സംസ്ഥാന സർക്കാർ രേഖകളിൽ ഒന്നും തന്നെ വനസംരക്ഷണത്തിനായി ടൂറിസത്തിൽ നിന്നുള്ള വരുമാനത്തിന്റെ എത്ര ഭാഗം നീക്കിവയ്ക്കുമെന്ന് പറയുന്നില്ല. "പ്രാദേശിക ജനതയ്ക്ക് ഗുണം ചെയ്യും", "പരിസ്ഥിതി സംരക്ഷിക്കും" എന്നിങ്ങനെ ചില പൊതുപ്രസ്താവനകൾ മാത്രമാണ് നമുക്കു ലഭിക്കുന്നത്.

പരിസ്ഥിതിക്ക് കോട്ടം തട്ടാതിരിക്കുന്നതിനുള്ള ഇക്കോട്ടൂറിസം മാർഗരേഖകളും നിയന്ത്രണങ്ങളും കാലക്രമേണ കാറ്റിൽപറത്തപ്പെടുമെന്ന ആശങ്ക നിലനില്ക്കുന്നു. ഇവ ദൂരീകരിക്കുന്നതിൽ നാളിതുവരെയുള്ള ടൂറിസം അനുഭവങ്ങൾ ഉതകുന്നുമില്ല. തെന്മല ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കുന്നതിലും തീരുമാനങ്ങളെടുക്കുന്നതിലും ഉള്ള സുതാര്യതയില്ലായ്മ സംശയങ്ങളെ ബലപ്പെടുത്തുകയാണ്. പദ്ധതി പ്രദേശത്തെ പഞ്ചായത്തുകളേയും പ്രാദേശിക ജനതയേയും വിശ്വാസത്തിലെടുക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തു നിന്ന് നീക്കങ്ങളൊന്നുമില്ല.

**ലാഭം എത്രത്തോളം**

ലോകത്തെ ടൂറിസ്റ്റുകളിൽ ഇക്കോട്ടൂറിസ്റ്റുകൾ 5%ത്തിൽ താഴെ മാത്രമാണ്.

കോസ്റ്റാറിക്ക, താൻസാനിയ, നേപ്പാൾ, കെനിയ തുടങ്ങിയ വിപുലമായ ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ നിന്ന് സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുകയെന്നത് ശ്രമകരവുമാണ്. എണ്ണത്തിൽ കുറവുള്ള ഇക്കൂട്ടരെ പരമാവധി പിഴിഞ്ഞുവേണം ലാഭമുണ്ടാക്കാൻ. നിലവിലുള്ള ടൂറിസം പദ്ധതികളുടേതിനേക്കാൾ തീവ്രമായ വിപണനതന്ത്രങ്ങളും ആവശ്യമായി വരും. നിക്ഷേപം തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങൾക്കിടയിൽ മാസ് ടൂറിസത്തിന്റെ വഴിയിലേക്ക് ഇക്കോട്ടൂറിസവും വ്യതിചലിക്കാനുള്ള സാധ്യതകൾ വളരെയേറെയാണ്. കേരളത്തിലേക്കുള്ള ടൂറിസ്റ്റുപ്രവാഹം കുറഞ്ഞുവരുന്നു എന്നതും ഓരോ വിദേശടൂറിസ്റ്റും ശരാശരി 15,000 രൂപ മാത്രമാണ് ചെലവഴിക്കുന്നതെന്നും ഇതോട് ചേർത്തു വായിക്കുക.

വിദേശികൾ ചെലവഴിക്കുന്ന തുകയിൽ വലിയൊരു പങ്ക് വിദേശ ഹോട്ടലുകൾ, വിമാനകമ്പനികൾ എന്നിവയിലൂടെ തിരിച്ച് അവിടേക്കു തന്നെ ഒഴുകുന്നുവെന്നതും മറ്റൊരു വസ്തുതയാണ്.

ടൂറിസം വ്യവസായത്തിന്റെ ലാഭക്കൊതിക്കടിമപ്പെട്ട് നശിച്ച കടലോരങ്ങളേയും കായൽപ്പരപ്പുകളേയും മലനിരകളേയും പോലെ മറ്റൊരു ഊഹക്കച്ചവടത്തിനായി നമ്മുടെ കന്യാവനങ്ങളും വിപണിയിലെത്തുകയാണ്. പരിസ്ഥിതി സംരക്ഷണം ലാഭകരമായ വ്യവസായമാക്കാമെന്നാണ് ഇക്കോടൂറിസത്തിന്റെ വക്താക്കൾ നമ്മോട് പറയുന്നത്. വിപണനവസ്തുവാണ് പ്രകൃതി എന്ന കച്ചവടമനസ്സും വിപണിയുടെ തത്വശാസ്ത്രങ്ങളും തന്നെയാണ് ഈ പുതിയ ടൂറിസം സൂത്രവാക്യങ്ങൾക്കും പിന്നിൽ.

(അവസാനിച്ചു)